# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4824 — 24.07.2015 -ൽ മറുപടിക്ക്

## പബ്ലിക് ഹെൽത്ത് (വിംഗ്) വിഭാഗത്തിൽ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന ആരോഗ്യ ഉപകേന്ദ്രങ്ങളിലെ തസ്തികകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. ദാസൻ : | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | ആരോഗ്യവകുപ്പിൽ പബ്ലിക് ഹെൽത്ത് (വിംഗ്) വിഭാഗത്തിൽ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന ആരോഗ്യ ഉപ കേന്ദ്രങ്ങളിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ 40 വർഷത്തോളം മുമ്പ് നിലവിലുള്ളതാണ് എന്നതും ഇക്കാലമത്രയും സ്റ്റാഫ് പാറ്റേൺ പുതുക്കിയിട്ടില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. ജനസംഖ്യാനുപാതം അനുസരിച്ച് കേന്ദ്ര സർക്കാർ ആണ് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ സ്റ്റാഫ് പാറ്റേൺ പുതുക്കി നൽകുന്നത്. |
| (ബി) | ജനസംഖ്യാനുപാതികമായി പി.എച്ച്.സി. കളിൽ ജെ.എച്ച്.ഐ., ജെ.പി.എച്ച്.എൻ. തസ്തികകൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പി.എച്ച്.സി.കളിലെ ഇത്തരം തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നിർത്തലായിപ്പോവുന്ന സൂപ്പർന്യൂമററി തസ്തികകളുടെ കുറവ് കാരണമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമായി വ്യക്തമാക്കാമോ ; | (സി) | ഇത് സംബന്ധിച്ച വിവരം ഈ വകുപ്പിൽ ലഭ്യമല്ല. |
| (ഡി) | കൊയിലാണ്ടി മണ്ഡലത്തിലെ സി.എച്ച്.സി. കളിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് തസ്തിക അനുവദിച്ച് നിയമനം നടത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ? | (ഡി) | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഉള്ള രണ്ട് സി.എച്ച്.സി. കൾ തിരുവങ്ങൂർ, മേലടി എന്നിവയാണ്. മേലടി സി.എച്ച്.സി.യിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ 19.09.2014 -ലെ സ.ഉ.(പി)നം.400/14/ധന. ഉത്തരവ് പ്രകാരം നിരസിച്ചിട്ടുണ്ട്. തിരുവങ്ങൂർ സി.എച്ച്.സി. -യിൽ അധിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ